**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6348** **20-03-2023 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ റീഹാബിലിറ്റേഷൻ ഡെവലപ്‌മെന്റ് മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ട്രൈബൽ റീഹാബിലിറ്റേഷൻ ഡെവലപ്‌മെന്റ് മിഷൻ മുഖേന ട്രൈബൽ സെറ്റിൽമെന്റുകളിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | 20.06.2002-ലെ സ.ഉ(പി) നം.41/2002/പജപവവിവ പ്രകാരം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി പതിച്ച് കൊടുക്കുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ജില്ലാതലത്തിൽ അർഹരുടെ പട്ടിക തയ്യാറാക്കുന്നത്. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമിയുടെ ഉടമസ്ഥരാക്കുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും, വനാവകാശ നിയമപ്രകാരവും ഭൂമി ലഭ്യമാക്കുന്നു.<br><br>വനാവകാശ നിയമപ്രകാരം, വന്യമൃഗ ശല്യവും പ്രകൃതി ദുരന്തങ്ങൾ ഉണ്ടാവാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ ലഭിച്ച വ്യക്തിഗത വനാവകാശരേഖകൾ പൂർണ്ണമായും വനം വന്യജീവി വകുപ്പിന് തിരികെ നൽകി അതിനു പകരമായി വനഭൂമിയിൽ തന്നെ കൈവശാവകാശരേഖ നൽകി പുനരധിവസിപ്പിക്കുന്നു.<br><br>നിരന്തരമായുള്ള വെള്ളപ്പൊക്ക ഭീഷണി, മണ്ണിടിച്ചിൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ നേരിടുന്ന പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലെ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ, റവന്യൂ വകുപ്പ് എന്നിവ മുഖേന വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലയ്ക്ക് വാങ്ങി പുനരധിവസിപ്പിക്കുന്നു. |
| (ബി) | പുനരധിവസിപ്പിക്കുന്ന സ്ഥലങ്ങളിൽ എന്തൊക്കെ | (ബി) | ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന |

| | | | |
|---|---|---|---|
| | സൗകര്യങ്ങളാണ് ഏർപ്പെടുത്തി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | **ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം അവരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും ജീവനോപാധികൾക്കുമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.** |
| (സി) | ട്രൈബൽ വിഭാഗത്തിൽപ്പെട്ട ആളുകളെ അവരുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ നിന്നും മാറ്റി പാർപ്പിക്കുന്നതിന് പ്രസ്തുത സ്കീമിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) | **ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന പട്ടികവർഗ്ഗ കുടുംബങ്ങളെ അവരുടെ സ്വാഭാവിക ആവാസ വ്യവസ്ഥ സംരക്ഷിക്കുന്ന തരത്തിലാണ് ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്നത്. ഇതിനായി അവർ താമസിക്കുന്ന പ്രദേശങ്ങളിലോ അതിനടുത്തായോ ആണ് ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുന്നത്.**<br><br>**വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗക്കാർ കൈവശം വച്ചിരിക്കുന്ന വനഭൂമിക്ക് തന്നെയാണ് കൈവശാവകാശ രേഖ നൽകുന്നത്.** |

സെക്ഷൻ ഓഫീസർ